DESPATCHED
On...31/01/2020

10/01/2020


**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic@kerala.nic.in


**ഹർജി നമ്പർ AP.No.1592(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.10217/SIC-Gen 2/2015**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എം.ആർ. കൃഷ്ണൻ,
ജനറൽ കൺവീനർ,
അതിവേഗ റെയിൽ പാത പ്രതിരോധ സമിതി,
ചെനക്കൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ.,
മലപ്പുറം – 673 635.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,
ടർബ്ബോ പ്ലസ് ടവർ, പി.എം.ജി. ജംഗ്ഷൻ,
വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം – 33.

2. അപ്പീൽ അധികാരി & രജിസ്ട്രാർ,
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,
ടർബ്ബോ പ്ലസ് ടവർ, പി.എം.ജി. ജംഗ്ഷൻ,
വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം – 33.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 21.08.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.09.2014 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.10.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 24.11.2014 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 09.06.2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 16.06.2015 |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ, തിരുവനന്തപുരം – കാസർഗേഡ് അതി വേഗ റെയിൽ പാതയുമായി ബന്ധപ്പെട്ട് സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് 17.10.2013ൽ സമർപ്പിച്ച സത്യവാങ്മൂലവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെന്ന് ചോദിച്ച് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക്, ടിയാന് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 06.07.2015ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് 23.07.15ൽ ഒന്നാം എതിർകക്ഷി കമ്മീഷന് റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു. “ശ്രീ. എം. ആർ. കൃഷ്ണൻ (അപ്പീൽ

ഹർജിക്കാരൻ) 20.11.2012ൽ എച്ച്.ആർ.എം.പി 6866/12 നമ്പരായി ഒരു പരാതി മനുഷ്യാവകാശ കമ്മീഷനിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത കേസിൽ ബഹു. കമ്മീഷൻ കേരള ഹൈസ്പീഡ് റയിൽ കോർപ്പറേഷനിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയും വിശദീകരണം 06.03.2013ൽ ലഭിക്കുകയും ചെയ്തു. തുടർന്ന് 15.11.2013ൽ ശ്രീ. എം.ആർ. കൃഷ്ണൻ ഇതേ വിഷയത്തിൽ ഒരു പരാതി കൂടി സമർപ്പിച്ചു. പ്രസ്തുത പരാതി എച്ച്.ആർ.എം.പി 7656/13 നമ്പരായി രജിസ്റ്റർ ചെയ്തെങ്കിലും നേരത്തെ ഫയൽ ചെയ്ത കേസുമായി ബന്ധപ്പെട്ടതായതു കാരണം മറ്റു നടപടികൾ ആവശ്യമില്ലെന്ന് ബഹു. കമ്മീഷൻ ഉത്തരവിട്ടു.

3. മേൽപറഞ്ഞ കേസുമായി ബന്ധപ്പെട്ട് ശ്രീ. കൃഷ്ണൻ വിവരാവകാശ നിയമ പ്രകാരം ഈ ഓഫീസിൽ 23.08.2014ൽ ഒരു അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷയ്ക്ക് 22.09.2014ൽ മറുപടി നൽകി. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ശ്രീ. എം.ആർ. കൃഷ്ണനെ നേരിട്ട് അറിയിക്കണമെന്നാവശ്യപ്പെട്ട് കേരള ഹൈസ്പീഡ് റയിൽ കോർപ്പറേഷനിലെ എസ്.പി.ഐ.ഒ.യ്ക്ക് 22.09.2014ൽ കത്തയക്കുകയും, ഈ വിവരം ശ്രീ. എം.ആർ. കൃഷ്ണനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ ഒന്നാം അപ്പീലധികാരിക്ക് സമർപ്പിച്ച അപ്പീലിന് 24.11.2014ൽ അന്നത്തെ അപ്പീൽ അധികാരി ശ്രീമതി. ഭാഗീരഥി ദേവി മറുപടി നൽകിയിട്ടുണ്ട്. ടിയാന്റെ 13.11.2013ലെ പരാതിയുടെ പുരോഗതി സംബന്ധിച്ച വിവരാവകാശ അപേക്ഷയ്ക്ക് 22.09.2014ൽ മറുപടി നൽകിയിട്ടുള്ളതാണ്. ടിയാൻ ആവശ്യപ്പെട്ട മറ്റു കാര്യങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതുമല്ല.''

4. പിന്നീട് ഇതുമായി ബന്ധപ്പെട്ട് 06.01.2020ൽ കമ്മീഷൻ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹിയറിങ്ങിൽ നേരിട്ട് ഹാജരാകുന്നതിനുള്ള അസൗകര്യം അറിയിച്ചുകൊണ്ട് കമ്മീഷന് കത്ത് നൽകിയിരുന്നു. ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടവയിൽ നൽകാൻ കഴിയുന്ന വിവരങ്ങൾ മറുപടിയായി നൽകിയിട്ടുണ്ട് എന്നും, വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്ത കാര്യങ്ങൾക്കാണ് മറുപടി നൽകാതിരുന്നത് എന്നും മൊഴി നൽകി.

5. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അതിൽ നിന്ന് അപ്പീൽ ഹർജിക്കാരന്റെ 1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് ഒന്നാം എതിർകക്ഷിയുടെ പക്കലുള്ള വിവരങ്ങൾ നൽകി കഴിഞ്ഞതായി കമ്മീഷൻ വിലയിരുത്തുന്നു. ടിയാന്റെ 6 മുതൽ 12 വരെയുള്ള ചോദ്യങ്ങൾ ചില സംശയങ്ങളും നിരീക്ഷണങ്ങളും വിശദീകരണങ്ങളും, ഭാവിയിൽ നടക്കാൻ ഇടയുള്ള കാര്യങ്ങളുമൊക്കെയാണ്. ഇത്തരം കാര്യങ്ങൾക്ക് മറുപടി പറയേണ്ട നിയമപരമായ ബാധ്യതയില്ലാത്തതുകൊണ്ട് അത്തരത്തിൽ മറുപടി നൽകിയ എതിർകക്ഷികളുടെ നിലാപാട് കമ്മീഷൻ ശരിവയ്ക്കുന്നു.

6. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് കമ്മീഷൻ ഇന്നേ ദിവസം, 2020 ജനുവരി മാസം 10–ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**അഡീഷണൽ സെക്രട്ടറി (നിയമം)**

gk.